# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-4907 — 21.10.2011-ൽ മറുപടിക്ക്

### ജി.വി. രാജാ സ്പോർട്സ് സ്കൂളിലെ പഠനനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ. കെ. ബി. ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ജി.വി. രാജാ സ്പോർട്സ് സ്കൂളിലെ പഠനനിലവാരം വളരെ മോശമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) ഇല്ല; |
| (ബി) കുട്ടികൾക്ക് ആവശ്യമായ കായിക സാമഗ്രികളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) ഇല്ല; |
| (സി) ഹോസ്റ്റലിലേക്ക് ആഹാരസാധനങ്ങൾ വിതരണം ചെയ്യുന്നത് ആരാണ്; ഹോസ്റ്റലിലെ മെസ്സിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിൽ അപാകതകൾ ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിനും, ഗുണനിലവാരമുള്ള സാധനങ്ങൾ മെസ്സിലേയ്ക്ക് വാങ്ങുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) ജി.വി. രാജാ സ്പോർട്സ് സ്ക്കൂളിലെ വിദ്യാർത്ഥികൾക്കുളള മെസ്സ് ഇപ്പോൾ സ്ക്കൂൾ പി.ടി.എ. നേരിട്ടാണ് നടത്തുന്നത്. ഹോസ്റ്റൽ മെസ്സിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ പൊതുവായി ഉണ്ടാകുന്ന ആക്ഷേപങ്ങളിന്മേൽ നേരിട്ട് അന്വേഷണം നടത്തുകയും, വേണ്ട നിർദ്ദേശങ്ങൾ സ്ക്കൂൾ അധികാരികൾക്കും പി.ടി.എ.യ്ക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ